**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5709** **13-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തിലെ മായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് മത്സ്യത്തിൽ മായം ചേർത്തതിന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര പേരെ ശിക്ഷക്ക് വിധേയമാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിൻറെ കാലത്ത് ഗുണനിലവാരമില്ലാത്ത മത്സ്യം വിതരണം ചെയ്ത വകയിൽ 31 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ ഒരു കേസ് കോടതി വെറുതെ വിടുകയും 16 കേസുകളിൽ നിന്ന് ആകെ 1,09,000/- (ഒരു ലക്ഷത്തി ഒൻപതിനായിരം രൂപ) രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മത്സ്യത്തിൽ മായം കലർത്തുന്നത് കണ്ടെത്തുന്നതിന് നിലവിലുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നും, മത്സ്യ മാർക്കറ്റുകളിലല്ലാതെ മറ്റ് വില്പന കേന്ദ്രങ്ങളിലും പരിശോധന നടത്താറുണ്ടോയെന്നും വെളിപ്പെടുത്തുമോ; | (ബി) | മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് കൂടുതൽ കാലം മത്സ്യം കേടുകൂടാതെ വയ്ക്കുന്നതും, രാസവസ്തു ഉപയോഗിച്ചുള്ള മത്സ്യവില്പനപ്രവണതകൾ എന്നിവ നിയന്ത്രിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗവും ഫിഷറീസ് വകുപ്പും ചേർന്ന് എല്ലാ ജില്ലകളിലും ജോയ്ൻറ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ-ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ, മത്സ്യ മൊത്ത/ചില്ലറ വ്യാപാര കേന്ദ്രങ്ങൾ, റയിൽവേ സ്റ്റേഷനുകൾ, ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാൻറിംഗ് സെൻററുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തി വരുന്നു. രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യവില്പന സ്പോട്ടിൽ വച്ച് തന്നെ കണ്ടെത്തുന്നതിന് CIFT (Central Institute of Fisheries Technology) മായി ചേർന്ന് പേപ്പർ സ്ട്രിപ്പ് സംവിധാനം രൂപപ്പെടുത്തി, വ്യാവസായികമായി ഉൽപ്പാദിപ്പിച്ച് പൊതുജനത്തിന് ലഭ്യമാക്കിയിട്ടുണ്ട്. സ്ട്രിപ്പ് വാങ്ങി പരിശോധന ശക്തമാക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം 2006 പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. മത്സ്യത്തിൽ മായം ചേർക്കലും രാസവസ്തുക്കൾ ഉപയോഗിച്ച് മത്സ്യവില്പന പ്രവണതകൾ തടയുന്നതിനും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് അവരുടെ പരാതികൾ |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി വകുപ്പിനെ അറിയിക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുമുണ്ട് (18004253183). |
| (സി) | മത്സ്യ വിപണനകേന്ദ്രങ്ങൾ നവീകരിക്കുന്നതിന് കഴിഞ്ഞ സർക്കാർ ചെലവ് ചെയ്ത തുക എത്രയെന്നും ഏതെല്ലാം കേന്ദ്രങ്ങൾ പൂർണ്ണതോതിൽ പ്രവൃത്തി പൂർത്തീകരിച്ചുവെന്നും ഏതെല്ലാം കേന്ദ്രങ്ങൾ ഭാഗികമായി പ്രവൃത്തി പൂർത്തീകരിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ? | (സി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കഴിഞ്ഞ സർക്കാരിൻറെ കാലയളവിൽ കേന്ദ്ര സർക്കാരിൻറെ ബ്ലൂ റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ കരിക്കോട്, മയ്യനാട് എന്നിവിടങ്ങളിൽ മത്സ്യ മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിലെ കരിക്കോട്, മയ്യനാട് എന്നിവിടങ്ങളിൽ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം

പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | ജില്ല | അട ങ്കൽ തുക (ലക്ഷ ത്തിൽ) | ചെലവഴിച്ച തുക (ലക്ഷ ത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | കരിക്കോട് മത്സ്യമാർക്കറ്റ് | കൊല്ലം | 356.00 | 266.88 | നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമായി ട്ടുണ്ട് |
| 2 | മയ്യനാട് മത്സ്യമാർക്കറ്റ് | കൊല്ലം | 159.00 | 75.709 | |

ഇതുകൂടാതെ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കിഫ്ബിയുടെ ധനസഹായത്തോടെ 63.51 കോടി രൂപയുടെ 25 മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി അംഗീകാരം ലഭ്യമായിരുന്നു. ടി പദ്ധതികൾക്കായി തുകയൊന്നും നാളിതുവരെ ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മത്സ്യമാർക്കറ്റ് | ജില്ല | പദ്ധതി തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | പനച്ചമൂട് | തിരുവനന്തപുരം | 462.82 | ഡിമോളിഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുനർ ദർഘാസ് ക്ഷണിക്കുന്നതാണ് |
| 2 | പുത്തൻചന്ത | തിരുവനന്തപുരം | 215.385 | ഡിമോളിഷൻ പൂർത്തീകരിച്ചു. റീടെണ്ടർ ക്ഷണിച്ചിരിക്കുന്നു |
| 3 | നടുക്കാട് | തിരുവനന്തപുരം | 213.867 | ഡിമോളിഷൻ പൂർത്തീകരിച്ചു. പുതുക്കിയ ടെക്നിക്കൽ സാംഗ്ഷൻ നടപടികൾ കൈകൊണ്ടുവരുന്നു. |
| 4 | നെയ്യാറ്റിൻകര | തിരുവനന്തപുരം | 404.498 | ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു |
| 5 | പഴയകുന്നു മേൽ | തിരുവനന്തപുരം | 299.998 | ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു |
| 6 | തങ്കശ്ശേരി | കൊല്ലം | 214.777 | ഡിമോളിഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുനർ ദർഘാസ് ക്ഷണിക്കേണ്ടതാണ് |
| 7 | കടപ്പാക്കട | കൊല്ലം | 150.091 | ഡിമോളിഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുനർ ദർഘാസ് ക്ഷണിക്കേണ്ടതാണ് |
| 8 | മൂന്നാംകുറ്റി | കൊല്ലം | 140.407 | ഡിമോളിഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുനർ ദർഘാസ് ക്ഷണിക്കേണ്ടതാണ് |
| 9 | പള്ളിമുക്ക് | കൊല്ലം | 165.26 | LSGD, LSGI, KIIFB |
| 10 | സൗത്ത് പരവൂർ | കൊല്ലം | 183.489 | |

| | | | | |
|---|---|---|---|---|
| | | | | എന്നിവർ ചേർന്ന് റവന്യൂ ഷെയറിം ഗിനായി Tripartite agreement-ൽ ഏർ പ്പെടേണ്ടതുണ്ട്. ആയതിന്റെ draft agreement കിഫ്ബിയിൽ തയ്യാറാക്കി വരുന്നു. കെ.എസ്.സി.എ.ഡി.സി. യുടെ ഭാഗത്തുനിന്നും പ്രവൃത്തി ഏർപ്പാടാക്കു വാനായി നടപടി സ്വീകരിച്ചു വരുന്നു |
| 11 | അഞ്ചൽ | കൊല്ലം | 387.741 | |
| 12 | കൊട്ടാരക്കര | കൊല്ലം | 439.708 | |
| 13 | പുനലൂർ | കൊല്ലം | 540.099 | |
| 14 | പത്തനാപുരം | കൊല്ലം | 154.693 | |
| 15 | നിലക്കാമുക്ക് | തിരുവനന്തപുരം | 134.918 | |
| 16 | ആലുംമൂട് | കൊല്ലം | 148.896 | |
| 17 | മണ്ണഞ്ചേരി | ആലപ്പുഴ | 147.400 | |
| 18 | ചെത്തി | ആലപ്പുഴ | 137.009 | |
| 19 | പുന്നമൂട് | തിരുവനന്ത പുരം | 378.639 | |
| 20 | കടക്കാവൂർ | തിരുവനന്ത പുരം | 227.716 | |
| 21 | വിളവൂർക്കൽ | തിരുവനന്ത പുരം | 96.707 | |
| 22 | കുമ്പഴ | പത്തനംതിട്ട | 201.797 | |
| 23 | അടൂർ | പത്തനംതിട്ട | 231.517 | |
| 24 | ചേർത്തല | ആലപ്പുഴ | 259.987 | |
| 25 | കുന്നംകുളം | തൃശ്ശൂർ | 413.594 | |
| | **ആകെ** | | **6351.013** | |

കൂടാതെ കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ, ആലപ്പുഴ ജില്ലയിൽ അരൂർ മാർക്കറ്റ് എന്നീ മത്സ്യമാർക്കറ്റുകൾ മത്സ്യഫെഡ് മുഖേന നവീകരിച്ചിട്ടുണ്ട്. ഇതിൽ ഓച്ചിറ മാർക്കറ്റിന് 40 ലക്ഷം രൂപയും അഞ്ചൽ മാർക്കറ്റിന് 46.84 ലക്ഷം (40 ലക്ഷം രൂപ പദ്ധതി പ്രകാരവും 6.84 ലക്ഷം രൂപ അഞ്ചൽ പഞ്ചായത്ത് വിഹിതവും) രൂപയും, അരൂർ മാർക്കറ്റിന് 85 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ടി മാർക്കറ്റുകൾ എല്ലാം പൂർണ്ണതോതിൽ പ്രവർത്തിക്കുന്നുണ്ട്.